SUNDAY 21/12/2025 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor: SINDHU. KS Editor: Dr. G.Pramodkumar



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff




Kowdiar, Thiruvananthapuram – 695003

**Website:** fibkerala.gov.in

**E-mail:**piofibtvm@gmail.com

**Telephone:** 0471 – 2318186, 2317314


## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 21/12/2025

1. കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന നാളികേര വികസന ബോർഡ് തെങ്ങ് കൃഷിയിലും നാളികേരാധിഷ്ഠിത വ്യവസായത്തിലും മികവ് പുലർത്തുന്നവരെ അംഗീകരിക്കുന്നതിനായി രണ്ടു വർഷത്തിലൊരിക്കൽ നല്കി വരുന്ന ദേശീയ അവാർഡുകൾക്ക് അപേക്ഷകൾ ക്ഷണിച്ചു. രാജ്യത്തെ പരമ്പരാഗതമായി തെങ്ങു കൃഷി ചെയ്യുന്ന സംസ്ഥാനങ്ങളിലെ മികച്ച നാളികേര കർഷകൻ, പരമ്പരാഗതമായി തെങ്ങു കൃഷി ഇല്ലാത്ത സംസ്ഥാനങ്ങളിലെ മികച്ച നാളികേര കർഷകൻ, മികച്ച നാളികേര സംസ്ക്കരണ സംരംഭകൻ, മികച്ച നാളികേര വിജ്ഞാന വ്യാപന ഉദ്യോഗസ്ഥൻ, മികച്ച തെങ്ങ് കയറ്റക്കാരൻ, സ്ത്രീകളുടെ ഉടമസ്ഥതയിലുള്ള മികച്ച നാളികേര സംസ്കരണ യൂണിറ്റ് എന്നിങ്ങനെ ആറു വിഭാഗങ്ങളിലായാണ് അവാർഡ് നല്കുക. നാളികേര കൃഷിയുടെയും വ്യവസായത്തിൻറയും മേഖലകളിൽ മികച്ച സംഭാവനകൾ നൽകുന്ന പ്രതിഭകളെ പുരസ്കാരം നൽകി ആദരിക്കുക എന്നതാണ് അവാർഡു വിതരണത്തിലൂടെ ബോർഡ് ലക്ഷ്യമാക്കുന്നത്. coconutboard.gov.in

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

എന്ന വിലാസത്തിൽ അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാം. അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി 2026 ജനുവരി 15 ആണ്. കൂടുതൽ വിവരങ്ങൾക്ക് ബോർഡിന്റെ വെബ്സൈറ്റായ www.coconutboard.gov.in സന്ദർശിക്കാവുന്നതാണ്.

2. ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് ഏഴാം ഘട്ടത്തിനും ചർമ രോഗപ്രതിരോധ കുത്തിവയ്പ്പ് മൂന്നാം ഘട്ടത്തിനും സംസ്ഥാനത്ത് തുടക്കമായി. 2026 ജനുവരി 23 വരെ, 30 പ്രവൃത്തി ദിവസം കൊണ്ട് ഈ യജ്ഞം പൂർത്തീകരിയ്ക്കാനാണ് വകുപ്പ് ലക്ഷ്യമിടുന്നത്. 4 മാസത്തിനു മുകളിൽ പ്രായമുള്ള പശു, എരുമ വർഗ്ഗത്തിൽപ്പെട്ട മുഴവൻ ഉരുക്കളെയും കുളമ്പുരോഗ കുത്തിവയ്പ്പിന് വിധേയമാക്കും. ചർമ്മ മുഴരോഗ പ്രതിരോധ കുത്തിവെയ്പ്പ് 4 മാസത്തിനു മുകളിൽ പ്രായമുള്ള പശു വർഗ്ഗത്തിൽപ്പെട്ട ഉരുക്കൾക്കു മാത്രമാണ് നൽകുന്നത്. മൃഗസംരക്ഷണ വകുപ്പിൽ നിന്നും നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെ ടീമുകൾ കർഷകരുടെ വീട്ടുപടിക്കൽ എത്തി തികച്ചും സൗജന്യമായാണ് ഉരുക്കൾക്കു പ്രതിരോധ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കുത്തിവെപ്പുകൾ നൽകുന്നത്. ഇതിനായി സംസ്ഥാനമൊട്ടാകെ 1916 സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്.

3. കൃഷി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കഴക്കൂട്ടത്തെ ബയോടെക്നോളജി ആൻഡ് മോഡൽ ഫ്ളോറികൾച്ചർ സെൻ്ററിൽ ഗുണമേന്മയു ടിഷ്യുകൾച്ചർ കപ്പ വാഴത്തൈ 20 രൂപ നിരക്കിൽ വില്പനയ്ക്ക് ലഭ്യമാണ്. താല്പര്യമുള്ളവർ നേരിട്ടോ സെൻ്ററുമായോ 6238312430 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടി

4. സംസ്ഥാന ക്ഷീരസംഗമം 'പടവ് 2025' നോടനുബന്ധിച്ച് ഓച്ചിറ ക്ഷീരോത്പന്ന നിർമാണ പരിശീലന വികസന കേന്ദ്രത്തില് ജില്ലയിലെ സ്കൂള് വിദ്യാർഥികൾക്കായി ജനുവരി 12, 13, 14 തീയതികളില് വിവിധ മത്സരങ്ങൾ സംഘടിപ്പിക്കും. പെൻസില് ഡ്രായിംഗ്, ഉപന്യാസ രചന, പെയിന്റിംഗ്, ക്ഷീര പ്രശ്നോത്തരി എന്നിവയാണ് മത്സരയിനങ്ങൾ. യു പി, ഹൈസ്കൂൾ തലങ്ങളിലായാണ് മത്സരങ്ങൾ. രജിസ്ട്രേഷനും വിവരങ്ങൾക്കുമായി ഡിസംബര് 27 ന് വൈകിട്ട് അഞ്ചിനകം ഓച്ചിറ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ക്ഷീരോൽപന്ന നിർമാണ പരിശീലന വികസന കേന്ദ്രവുമായി ബന്ധപ്പെടണം. ഫോൺ: 8089391209, 0476 2698550.

**5. കാർഷിക നിർദേശം**

പച്ചക്കറി വിളകളിൽ മീലിമൂട്ടകൾ, ശൽക്കകീടങ്ങൾ എന്നിവയെ നിയന്ത്രിക്കാനുള്ള വെർട്ടിസീലിയം, ഇലതീനി പുഴുക്കൾക്കെതിരെയുള്ള ബ്യൂവേറിയ ബാസിയാന, ചിതൽ, വേരുതീനി പുഴുക്കൾ എന്നിവയ്ക്കെതിരെയുള്ള മെറ്റാറൈസിയം എന്നിവ ലഭ്യമാണ്. വെള്ളാനിക്കര ഹോർട്ടിക്കൾച്ചർ കോളേജിലെ ജൈവകീടരോഗ നിയന്ത്രണ വിഭാഗത്തിലും മണ്ണുത്തിയിലെ യൂണിവേഴ്സിറ്റി വില്പന കേന്ദ്രത്തിലും (0487-2370540) കണ്ണാറവാഴ ഗവേഷണ കേന്ദ്രത്തിലും (0487-2699087) ഇവ ലഭ്യമാണ്. 20 ഗ്രാം വരെ ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് കലക്കി ചെടികളിൽ തളിച്ചു കൊടുക്കണം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം